ഹദീസ്

ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്

# എതിർ ലിംഗാനുകരണം ശപിക്കപ്പെട്ടതാണ്

عَن ابْنِ عَبَّاس رَضِيَ اللهُ عَنْهُمَا قَالَ : "لَعَنَ رَسولُ اللهِ صَلَّى اللهُ عليه وسلَّمَ
الْمُتَشَبِّهِينَ مِنَ الرِّجَالِ بالنِّسَاءِ، والمُتَشَبِّهَاتِ مِنَ النِّسَاءِ بالرِّجَالِ" (البخاري)

**ഇബ്നു അബ്ബാസ്(റ) പറഞ്ഞു: 'സ്ത്രീകളോട് സാദൃശ്യപ്പെടുന്ന പുരുഷൻമാരെയും പുരുഷൻമാരോട് സാദൃശ്യപ്പെടുന്ന സ്ത്രീകളെയും അല്ലാഹുവിന്റെ റസൂൽ (സ) ശപിച്ചിരിക്കുന്നു.' (ബുഖാരി)**

വ്യത്യസ്ത പ്രകൃതങ്ങളിൽ സൃഷ്ടിക്കപ്പെട്ട സ്ത്രീ-പുരുഷൻമാർ വേഷങ്ങളിലും വസ്ത്രങ്ങളിലും പെരുമാറ്റങ്ങളിലും ഈ സവിശേഷത പാലിക്കണമെന്നാണ് നബി(സ) പഠിപ്പിക്കുന്നത്. വിചാര-വികാരങ്ങളിലും ഹാവ-ഭാവങ്ങളിലും മറ്റും സ്ത്രീ-പുരുഷൻമാർക്കിടയിൽ വ്യത്യാസങ്ങളുണ്ട്. ഇരു വിഭാഗത്തെയും തങ്ങളുടെ ബാധ്യതകളും കടപ്പാടുകളും നിർവഹിക്കാനാവശ്യമായ പ്രകൃതത്തിലാണ് അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത്. അവയിൽ കൃത്രിമമായ സാമ്യതയുണ്ടാക്കുന്നത് ഇസ്ലാം അംഗീകരിക്കുന്നില്ല. ഇത്തരം വിപരീത ലിംഗാനുകരണങ്ങൾ, യഥാർഥ പ്രകൃതത്തോട് കലഹിക്കുന്നതോടെ വ്യക്തികൾ മനോ വൈകല്യങ്ങളുടെയും സ്വഭാവ വൈകൃതങ്ങളുടെയും അടിമകളായി മാറും. ആണും പെണ്ണും തങ്ങൾക്ക് നൽകപ്പെട്ട സൃഷ്ടി പ്രകൃതങ്ങളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യണമെന്നാണ് നബി (സ) അനുശാസിക്കുന്നത്.

തന്റെ സൃഷ്ടിപ്പ് പോലെത്തന്നെ ലിംഗ നിർണയത്തിലും യാതൊരു തീരുമാനാധികാരവും മനുഷ്യർക്കില്ലെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു: 'അവൻ, തെറിച്ചു വീണ നിസ്സാരമായ ഒരു ഇന്ദ്രിയകണം മാത്രമായിരുന്നില്ലേ? പിന്നെ യത് ഭ്രൂണമായി. അനന്തരം അല്ലാഹു അവനെ സൃഷ്ടിച്ചു അവയവപ്പൊരുത്തമേകി. അങ്ങനെ അവനതിൽ നിന്ന് ആണും പെണ്ണുമായി ഇണകളെ ഉണ്ടാക്കി' (75: 37-39).

പുരുഷൻ സ്ത്രീയുടെ പ്രകൃതത്തെ അനുകരിക്കുന്നതും സ്ത്രീ പുരുഷന്റെ പ്രകൃതത്തെ അനുകരിക്കുന്നതും സമൂഹത്തിന് വിനാശകരമായാണ് ഭവിക്കുക. ഇണകൾ തമ്മിൽ സാമ്യതയുണ്ടാവുമ്പോഴല്ല, സ്നേഹവും സഹകരണവുമുണ്ടാവുമ്പോഴാണ് കൂടുതൽ ആകർഷണീയരാവുക. കൃത്രിമ കൊമ്പ് പിടിപ്പിച്ച പിടിയാനക്ക് കൊമ്പനാനയോട് സാമ്യപ്പെടുവാൻ സാധ്യമല്ല. കാരണം, പൗരുഷം കൊമ്പിൽ മാത്രം പരിമിതമല്ല.

> **പുരുഷൻ സ്ത്രീയുടെ പ്രകൃതത്തെ അനുകരിക്കുന്നതും സ്ത്രീ പുരുഷന്റെ പ്രകൃതത്തെ അനുകരിക്കുന്നതും സമൂഹത്തിന് വിനാശകരമായാണ് ഭവിക്കുക. ഇണകൾ തമ്മിൽ സാമ്യതയുണ്ടാവുമ്പോഴല്ല, സ്നേഹവും സഹകരണവുമുണ്ടാവുമ്പോഴാണ് കൂടുതൽ ആകർഷണീയരാവുക.**

ആണിനും പെണ്ണിനുമിടയിൽ കൃത്രിമ സാമ്യതയുണ്ടാക്കാനുള്ള ശ്രമങ്ങൾ പ്രകൃതിവിരുദ്ധവും അസാധ്യവുമാണ്. അല്ലാഹുവിന്റെ സൃഷ്ടിപ്പിലും പ്രകൃതത്തിലും മാറ്റം വരുത്തുന്ന ഇത്തരം യത്നങ്ങളെ പിശാചിന്റെ കെണിയായാണ് വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്നത്. ഇബ്ലീസ് ഇപ്രകാരം വെല്ലുവിളിച്ചതായി വിശുദ്ധ ഖുർആൻ ഉദ്ധരിക്കുന്നു: 'അവരെ ഞാൻ വഴിപിഴപ്പിക്കും. വ്യാമോഹങ്ങൾക്കടിപ്പെടുത്തും. ഞാൻ കൽപിക്കുന്നതിനനുസരിച്ച് അവർ കാലികളുടെ കാത് കീറിമുറിക്കും. അവർ അല്ലാഹുവിന്റ സൃഷ്ടിയെ കോലംകെടുത്തും.' (4:119)

'അവർ അല്ലാഹുവിന്റെ സൃഷ്ടിയെ കോലംകെടുത്തും' എന്ന വാചകത്തെ വിശദീകരിച്ച് *തഫ്ഹീമുൽ ഖുർആൻ* എഴുതി: 'മനുഷ്യൻ തന്റെയും വസ്തുക്കളുടെയും പ്രകൃതിക്ക് വിരുദ്ധമായി ചെയ്യുന്ന സകല പ്രവൃത്തികളും, പ്രകൃതിയുടെ താൽപര്യത്തിൽനിന്ന് ഒഴിവാകാനായി എടുക്കുന്ന

എല്ലാ അടവുകളും ഈ വചനപ്രകാരം വഴിപിഴച്ച പൈശാചിക പ്രലോഭനങ്ങളുടെ ഫലമാണ്. സ്വവർഗസംഭോഗം, ജനനനിയന്ത്രണം, സന്യാസം, ബ്രഹ്മചര്യ, വന്ധ്യംകരണം, ഷണ്ഡീകരണം എന്നിവ ഉദാഹരണങ്ങൾ. പ്രകൃതി ഏൽപിച്ച സേവനങ്ങളിൽനിന്ന് സ്ത്രീയെ പിന്തിരിപ്പിച്ച് പുരുഷന് മാത്രം ചുമതലപ്പെട്ട പ്രത്യേക നാഗരിക മണ്ഡലങ്ങളിലേക്കു വലിച്ചിഴക്കുന്നതും അങ്ങനെത്തന്നെ. ഇവ്വിധം, പിശാചിന്റെ ദല്ലാളികൾ ലോകത്ത് നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്ന എല്ലാ ദുഷ്കൃത്യങ്ങളും വാസ്തവത്തിൽ പ്രപഞ്ചസ്രഷ്ടാവിന്റെ നിയമങ്ങൾ അബദ്ധമെന്നു കരുതി അവയിൽ പരിഷ്കരണം വരുത്തുന്നതിന് തുല്യമാണ്.'

അല്ലാഹു തനിക്ക് നൽകിയ സൃഷ്ടിപ്പിൽ സംതൃപ്തനാവണം വിശ്വാസിയെന്ന് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു: 'അല്ലാഹുവിന്റെ വർണം സ്വീകരിക്കുക. അല്ലാഹുവിന്റെ വർണത്തെക്കാൾ വിശിഷ്ടമായ വർണമുള്ള ആരുണ്ട്? അവനെയാണ് ഞങ്ങൾ വഴിപ്പെടുന്നത് (2:138).

സ്ത്രീയും പുരുഷനും അവരവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതോടൊപ്പം ബാധ്യതകൾ നിർവഹിക്കണമെന്നും വിശുദ്ധ ഖുർആൻ ആജ്ഞാപിക്കുന്നു. കടപ്പാടുകളുടെയും അർഹതകളുടെയും പേരിൽ പരസ്പരം അസൂയപ്പെടുകയോ ഒരാൾ മറ്റൊരാളുടെ വിഹിതം അപഹരിക്കുകയോ ചെയ്യരുതെന്നും ഓർമിപ്പിക്കുകയും ചെയ്യുന്നു: 'അല്ലാഹു നിങ്ങളിൽ ചിലർക്ക് മറ്റു ചിലരെക്കാൾ ചില അനുഗ്രഹങ്ങൾ കൂടുതലായി നൽകിയിട്ടുണ്ട്. നിങ്ങൾ അതു കൊതിക്കാതിരിക്കുക. പുരുഷന്മാർക്ക് അവർ സമ്പാദിച്ചതിനനുസരിച്ച വിഹിതമുണ്ട്; സ്ത്രീകൾക്ക് അവർ സമ്പാദിച്ചതിനൊത്ത വിഹിതവും. നിങ്ങൾ അല്ലാഹുവോട് അവന്റെ അനുഗ്രഹത്തിനായി പ്രാർഥിച്ചുകൊണ്ടിരിക്കുക. അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്നവനാണ്' (4:32).

മാനവരെ മാത്രമല്ല മുഴുവൻ ചരാചരങ്ങളെയും വിഭിന്ന ശേഷികളുള്ള ഇണകളായി സൃഷ്ടിച്ചത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്തിന്റെയും യുക്തിയുടെയും ഭാഗമാണെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു: 'ഭൂമിയിൽ മുളച്ചുണ്ടാവുന്ന സസ്യങ്ങൾ, മനുഷ്യവർഗം, മനുഷ്യർക്കറിയാത്ത മറ്റനേകം വസ്തുക്കൾ എല്ലാറ്റിനെയും ഇണകളായി സൃഷ്ടിച്ച അല്ലാഹു എത്ര പരിശുദ്ധൻ' (36:36).

നബി (സ) ഇക്കാര്യമാണ് മുകളിലെ ഹദീസിൽ വിശ്വാസികളെ ഉണർത്തുന്നത്. ഇതേ ആശയങ്ങളുള്ള വേറെയും ധാരാളം ഹദീസുകൾ കാണാം. അബൂഉമാമ(റ)യിൽ നിന്നു പ്രവാചകനിലേക്ക് ചേർത്ത് നിവേദനം ചെയ്യപ്പെടുന്നു: 'നാലാളുകൾ ഇഹത്തിലും പരത്തിലും ശപിക്കപ്പെടുകയും മലക്കുകൾ അവർക്കെതിരെ പ്രാർഥിക്കുകയും ചെയ്തിരിക്കുന്നു:

ഒന്ന്: അല്ലാഹു പുരുഷനാക്കിയിട്ട് സ്വയം സ്ത്രീയായി ചമഞ്ഞ് അവരോട് സാദൃശ്യപ്പെട്ട് ജീവിച്ചവൻ. രണ്ട്: അല്ലാഹു സ്ത്രീയാക്കിയിട്ട് സ്വയം പുരുഷനായി ചമഞ്ഞ് അവരോട് സാദൃശ്യപ്പെട്ട് ജീവിച്ചവൾ. മൂന്ന്: അന്ധൻമാരെ വഴിതെറ്റിക്കുന്നവൻ. നാല്: ബ്രഹ്മചര്യം ആചരിക്കുന്നവൻ.' (ത്വബ്റാനി)

മറ്റൊരിക്കൽ അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'സ്ത്രീയുടെ വസ്ത്രം ധരിക്കുന്ന പുരുഷനെയും പുരുഷന്റെ വസ്ത്രം ധരിക്കുന്ന സ്ത്രീയെയും അല്ലാഹുവിന്റെ റസൂൽ (സ) ശപിച്ചിരിക്കുന്നു' (അബൂദാവൂദ്).

ഇമാം ത്വബ്റാനി റിപ്പോർട്ട് ചെയ്യുന്ന മറ്റൊരു ഹദീസ് ഇങ്ങനെ: അമ്പുകൾ കഴുത്തിലണിഞ്ഞ് നടക്കുന്ന ഒരു സ്ത്രീയെ കണ്ടപ്പോൾ അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'പുരുഷൻമാരോട് സാദൃശ്യപ്പെടുന്ന സ്ത്രീകളെ അല്ലാഹു ശപിച്ചിരിക്കുന്നു.'

ഇബ്നു ഉമർ (റ)ൽ നിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'മൂന്നാളുകൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല: ഒന്ന്: മാതാപിതാക്കളെ പ്രയാസപ്പെടുത്തുന്ന പുത്രൻ. രണ്ട്: ഭാര്യയെ വ്യഭിചാരത്തിന് പ്രേരിപ്പിക്കുന്ന ഭർത്താവ്. മൂന്ന്: പുരുഷ വേഷമണിഞ്ഞ സ്ത്രീ' (ഹാകിം).

ഇമാം നവവി എഴുതി: 'സ്ത്രീകളുടെ സ്വഭാവവും ഹാവ ഭാവങ്ങളും സംസാരവും വേഷവും വസ്ത്രവും അനുകരിക്കുന്നത് അധിക്ഷേപാർഹമാണെന്നാണ് ഹദീസ് വ്യക്തമാക്കുന്നത്.' (*മിർഖാതുൽ മഫാതീഹ്*)

ഈ വിഷയത്തിൽ സുഊദിയിലെ ഇസ്‌ലാമിക പണ്ഡിത സഭ ഇപ്രകാരം അഭിപ്രായപ്പെടുന്നു: 'സ്ത്രീകൾ പുരുഷൻമാരുടെയും പുരുഷൻമാർ സ്ത്രീകളുടെയും പ്രകൃതങ്ങൾ അനുകരിക്കുക എന്ന സ്വഭാവ വൈകൃതത്തിന് പല കാരണങ്ങളുമുണ്ടാവാം. സദാചാര പരിശീലനത്തിന്റെ അഭാവമാണ് അതിൽ പ്രധാനം. വിശ്വാസ ദൗർബല്യവും അപകർഷതാ ബോധവും, മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കുക എന്ന മനോവൈകല്യവും ഇതിന് കാരണമാവാറുണ്ട്. ഇഹവും പരവും നഷ്ടപ്പെടുത്തുന്ന സ്വവർഗ സംഭോഗം, ബ്രഹ്മചര്യം, ഷണ്ഡീകരണം തുടങ്ങിയ മാരകമായ സ്വഭാവ ദൂഷ്യങ്ങളിലേക്കാണ് ഇവ അവസാനം ചെന്നെത്തിക്കുക.' ●


●● Matrimonial

പ്രസ്ഥാനനുഭാവ കുടുംബത്തിലെ ദീനീനിഷ്ഠയുള്ള യുവതി (23/5'3"). അഫ്സൽ ഉലമ പ്രിലിമിനറി, BA ഇംഗ്ലീഷ്. പാലക്കാട് ജില്ല. ദീനീനിഷ്ഠയും വിദ്യാസമ്പന്നനും അനുയോജ്യരുമായ യുവാക്കളുടെ വിവാഹാലോചന ക്ഷണിക്കുന്നു.

**9995874911**



**ഫാർമസിസ്റ്റിനെ ആവശ്യമുണ്ട്**

പീപ്പിൾസ് ഫൗണ്ടേഷന്റെ പുതിയ പ്രോജെക്റ്റിലേക്ക് ഫാർമസിസ്റ്റുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു

യോഗ്യത: ഡി.ഫാം/ബി.ഫാം

താൽപര്യമുള്ളവർ അവരുടെ ബയോഡാറ്റ info@peoplesfoundation.org എന്ന മെയിലിലേക്ക് ഓഗസ്റ്റ് 31 നകം അയക്കുക.

PEOPLE'S FOUNDATION

**പീപ്പിൾസ് ഫൗണ്ടേഷൻ**

26/1168 A, Ponmuliparambu, Kottooli P.O, Arayidathupalam, Mavoor Road, Kozhikode -16, Phone: 0495 274 3701, Mob: 9846888700